<u>ഭരണഭാഷ-മാതൃഭാഷ</u>

ഇ8-12264/2017

പഞ്ചായത്ത് ഡയറക്ടറേറ്റ്,
തിരുവനന്തപുരം,
ഫോൺ: 0471 2321054
ഇ-മെയിൽ:directorofpanchayatsestt@gmail.com
തീയതി: 24.07.2017.

## നോട്ടീസ്

**വിഷയം:** പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. സുപ്രീംകോടതി മുമ്പാകെ നിലവിലുള്ള വിവിധ സിവിൽ അപ്പീലുകളിൻമേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് - 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് പുതുക്കി തയ്യാറാക്കി കരട് പ്രസിദ്ധീകരിച്ചത് - ആക്ഷേപം സമർപ്പിച്ചവരെ നേരിൽ കേൾക്കുന്നത് - അറിയിപ്പ് നൽകിയത് - സംബന്ധിച്ച്.

**സൂചന:**
1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ റ്റി.എ.നം.171/2013 & ഒ.എ. നം.1002/2014ഷ 1375/2014, 735/2014 എന്നീ ഹർജികളിലെ 06.03.2015 തീയതിയിലെ ഉത്തരവ്.
2. ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11.03.2016-ലെ ഒ.പി.(കെ.എ.റ്റി.)നം.120, 123, 129, 144, 145, 157 158& 316/2015 തുടങ്ങിയ ഹർജികളിന്മേലുള്ള വിധിന്യായം.
3. ബഹു.സുപ്രീംകോടതിയുടെ 29.03.2017-ലെ സിവിൽ അപ്പീൽ നം.5203/2016, 5204-5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ്.
4. സർക്കാരിന്റെ 12.04.2017-ലെ 8993/ഇപിബി1/15/തസ്വഭവ നമ്പർ കത്ത്.
5. പഞ്ചായത്ത് ഡയറക്ടറുടെ 06.05.2017-ലെ ഇ8-12264/17 നമ്പർ നോട്ടീസ്.
6. സ.ഉ.(സാധാ.)നമ്പർ 2326/2017/തസ്വഭവ തീയതി 07.07.2017.
7. പഞ്ചായത്ത് ഡയറക്ടറുടെ 21.07.2017-ലെ 12264/17 നമ്പർ കത്ത്.

.......

ബഹു. സുപ്രീംകോടതി മുമ്പാകെ നിലവിലുള്ള വിവിധ സിവിൽ അപ്പീലുകളിൻമേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിനെത്തുടർന്ന് സൂചന (5) പ്രകാരം പ്രസിദ്ധീകരിച്ച 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ കരട് സീനിയോറിറ്റി പട്ടികയിന്മേൽ ആക്ഷേപം സമർപ്പിച്ചവരെ സൂചന (6) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 02.08.2017, 04.08.2017 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർ നേരിൽ കേൾക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ആക്ഷേപം സമർപ്പിച്ചവരെ നേരിൽ കേൾക്കുന്നതിന് ഹാജരാകുന്നതിലേയ്ക്കായി ആക്ഷേപം സമർപ്പിച്ചവർക്കുള്ള അറിയിപ്പ് സൂചന (7) പ്രകാരം പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും നേരിട്ട് അയച്ചുനൽകിയിട്ടുള്ള വിവരം അറിയിക്കുന്നു.

**പഞ്ചായത്ത് ഡയറക്ടർ**